Malayala Manorama
മലയാള മനോരമ

# ‘കാടറിവിന്’ സംഗീതമേകി വന ശാസ്ത്രജ്ഞൻ

ആലപ്പുഴ ● വനം വകുപ്പ് സംഘടിപ്പിക്കുന്ന വനമഹോത്സവത്തിന്റെ തീം സോങ്ങായ കാടറിവിന് സംഗീതമൊരുക്കിയത് ഹരിപ്പാട് സ്വദേശിയായ വനശാസ്ത്രജ്ഞൻ. കോയമ്പത്തൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഹരിപ്പാട് തൃപ്പക്കുടത്ത് വാര്യത്ത് ഡോ. കണ്ണൻ വാരിയരാണ് സംഗീതമേകിയത്. പി.ജയചന്ദ്രൻ ആലപിച്ച ഗാനം രചിച്ചത് വനം വകുപ്പ് ചീഫ് കൺസർവേറ്റർ പ്രമോദ് കൃഷ്ണനാണ്. ഗാനം മന്ത്രി കെ. രാജു പ്രകാശനം ചെയ്തു.



ഡോ. കണ്ണൻ വാരിയർ

യജുർവേദത്തെ ആസ്പദമാക്കി കണ്ണൻ വാരിയർ സംഗീതം നൽകി ആലപിച്ച പ്രകൃതിവന്ദനം, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള എൻവിസിന്റെ സ്വാഗതഗാനമായി തിരഞ്ഞെടുത്തിരുന്നു. താൻ ഒരുക്കിയ ദശപുഷ്പം, ലളിതം എന്നീ സംഗീത ആൽബങ്ങൾ വഴി ലഭിക്കുന്ന തുക മുഴുവൻ പിഎം കെയർ ഫണ്ടിലേക്ക് നൽകുകയാണെന്ന് കണ്ണൻ വാരിയർ പറഞ്ഞു.

188. News in Malayala Manorama, Alappuzha, Palakkad, 02.07.2020, Kadarivu, Theme Song of Kerala Forests and Wildlife Department for Vanamaholsavam 2020.